ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ.ഡിപിസി1 /7189/2023/മെ.വി.വ.** **തീയതി: 05-09-2024**

സ്വീകർത്താവ്,

1. പ്രിൻസിപ്പാൾ,
   സർക്കാർ മെഡിക്കൽ/ഡന്റൽ/നഴ്സിംഗ് കോളേജ് ,
   തിരുവനന്തപുരം/ കൊല്ലം/ ഇടുക്കി/ പത്തനംതിട്ട/ കോട്ടയം/ ആലപ്പുഴ
/
   എറണാകുളം/തൃശ്ശൂർ/ മലപ്പുറം/ കോഴിക്കോട്/ കണ്ണൂർ/ വയനാട്/
   കാസർഗോഡ്
2. ഡയറക്ടർ
   റീജിണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി,
   തിരുവനന്തപുരം.

സർ/മാഡം,

വിഷയം : മെ.വി.വ.-ജീവനക്കാര്യം-റഗുലർ സ്ഥാനക്കയറ്റം സുഗമമാക്കുന്നത്- സംബന്ധിച്ച്
സൂചന : 27/12/2023 തീയതിയിലെ ഇതേ നമ്പർ കത്ത്

21/12/2023 തീയതിയിൽ നടന്ന ഡി പി സി മീറ്റിംഗിൽ ഓരോ വർഷവും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ അടുത്ത വർഷം ഡിസംബർ 31 വരെയുള്ള ആന്റിസിപേറ്ററി ഒഴിവുകൾ നികത്തുന്നതിനായുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കണമെന്ന് KS&SSR പ്രകാരം നിർദ്ദേശമുള്ളതാണെന്നും ആയത് കർശനമായി പാലിക്കേണ്ടതാണെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചന (1) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ ജീവനക്കാർക്കും സ്കോർ സോഫ്റ്റ്വെയർ മുഖാന്തിരം 2023 വരെയുള്ള കോൺഫിഡന്ഷ്യൽ റിപ്പോർട്ടുകൾ നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കാൻ നിർദേശം നൽകിയിരുന്നു. എന്നാൽ ഇപ്പോഴും SCORE മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത നിരവധി ജീവനക്കാർ ഉള്ളതായി കാണുന്നതിനാൽ 2023 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ നാളിതുവരെ സമർപ്പിക്കാത്ത എല്ലാ ജീവനക്കാരും 2024 സെപ്റ്റംബർ 13 ന

മുമ്പായി SCORE സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ഓഫീസർമാർ/റിവ്യൂയിംഗ് ഓഫീസർമാർ ആയത് പരിശോധിച്ച് ഉചിതമായ രേഖപ്പെടുത്തലുകളോടെ നോഡൽ ഓഫീസർക്ക് സെപ്റ്റംബർ 18 –നകം സമർപ്പിക്കേണ്ടതുമാണ്. മേൽ നിർദ്ദേശം കർശനമായി പാലിക്കാത്ത പക്ഷം ബന്ധപ്പെട്ട ജീവനക്കാരുടെ വീഴ്ചയായി കണക്കാക്കി ഡി പി സി നടപടികൾ പൂർത്തീകരിക്കുന്നതുമാണ്. ബന്ധപ്പെട്ട മേലധികാരികൾ ഈ വിവരം ജീവനക്കാരെ അറിയിക്കേണ്ടതും സമയബന്ധിതമായി ഉചിത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

Signed by
Thomas Mathew
Date: 05-09-2024 05:30:49

THOMAS MATHEW
DIRECTOR

പകർപ്പ്:

1. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഡി എം ഇ/ ജെ ഡി എം ഇ (എം)/ ജെ ഡി എം ഇ(ജി)/ജെ ഡി എൻ ഇ/ സ്പെഷ്യൽ ഓഫീസർ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

2.പ്രിൻസിപ്പാൾ,മെഡിക്കൽകോളേജ്,നേഴ്സിംഗ് കോളേജ്,ഡയറക്ടർ ആർ.ഐ. ഓ

3. സ്റ്റോക്ക് ഫയൽ